പൊതുമേഖലാ സ്ഥാപനങ്ങളിൽ നിയമനം ലഭിച്ചവരുടെ ലിസ്റ്റ്

14 [1403] ശ്രീ. പിണറായി വിജയൻ :

,, ടി. ശിവദാസമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും മുനിസിപ്പാലിറ്റിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖല, സ്ഥാപനങ്ങളിൽ ഓരോന്നിലും പുതുതായി എത്രപേരെ നിയമിച്ചു ;

(ബി) നിയമനം ലഭിച്ചവരുടെ കാറ്റഗറി തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ ;

(സി) ഓരോ സ്ഥാപനത്തിലും നിയമനം ലഭിച്ചവരുടെ ലിസ്റ്റ് മേശപ്പുറത്ത് വയ്ക്കുമോ ?

ഉത്തരം

(എ, ബി, ആൻറ് സി) വിവരം ശേഖരിച്ചു വരുന്നു.

കേരള സോപ്സ് ആൻറ് ഓയിൽസ് തുറന്ന് പ്രവർത്തിപ്പിക്കുവാൻ നടപടി

15. [1407] ശ്രീ. എ. സുജനപാൽ :

,, സി. എം. സുന്ദരം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും മുനിസിപ്പാലിറ്റിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്ടെ കേരള സോപ്സ് ആൻറ് ഓയിൽസ് തുറക്കാനുള്ള നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ബി) ഇതു സംബന്ധിച്ച് രൂപീകരിച്ച കമ്മിറ്റിയുടെ റിപ്പോർട്ടിൻ മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ ;

(സി) ഫാക്ടറി തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് വേണ്ടിയുള്ള ഫണ്ട് സർക്കാർ നീക്കിവെച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രയാണ് ;

(ഡി) പ്രസ്തുത ഫാക്ടറി തുറന്ന് പ്രവർത്തിക്കുന്നതിന് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ ;

(എഫ്) ഇതു സംബന്ധിച്ച് തൊഴിലാളി സംഘടനാപ്രതിനിധികളുമായി സർക്കാർ ചർച്ച നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എന്നാണെന്ന് വ്യക്തമാക്കുമോ ;

(ജി) ഈ സ്ഥാപനത്തിൽനിന്നും എത്ര പേർ പിരിഞ്ഞ് പോയിട്ടുണ്ട് ; ഇവർക്ക് നൽകാനുള്ള തുക എന്നത്തേയ്ക്ക് നൽകുവാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ, ബി, സി, ഡി ആൻറ് ഇ) കോഴിക്കോട്ടെ കേരള സോപ്സ് ആൻറ് ഓയിൽസ് എത്രയും പെട്ടെന്ന് തുറന്ന് പ്രവർത്തിപ്പിക്കണം എന്നുള്ളതാണ് സർക്കാരിൻറെ ഉദ്ദേശ്യം. ഇതു സംബന്ധിച്ച് രൂപീകരിച്ച

LIBRARY ARCHIVES Kerala Legislative Assembly

കമ്മിറ്റിയുടെ റിപ്പോർട്ട് പബ്ലിക് സെക്ടർ റീ-സ്ട്രക്ചറിംഗ് ആൻറ് ഇൻറേണൽ ആഡിറ്റ് ബോർഡിനെക്കൊണ്ട് അവലോകനം നടത്തിക്കുകയുണ്ടായി. അതിനുശേഷം ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചു കൂട്ടുകയും കേരള സോപ്സിൻറെ പ്രവർത്തനം ഉടനെ പുനരാരംഭിക്കുന്നതിനായി ഒരു കോടി രൂപ അടിയന്തിരമായി നൽകാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

(എഫ്) ഇത് സംബന്ധിച്ച് തൊഴിലാളി സംഘടനാപ്രതിനിധികളുമായി ഉടനെ ചർച്ച നടത്താൻ ഉദ്ദേശിച്ചിട്ടില്ല.

(ജി) കമ്പനി 1992 മുതൽ പ്രവർത്തനരഹിതമായതിനാൽ പിരിഞ്ഞു പോയ ജീവനക്കാരുടെ എണ്ണം കൃത്യമായി കണക്കാക്കാൻ സാധിച്ചിട്ടില്ല.

വാളയാറിൽ ടെക്സ്റ്റയിൽ നഗരം സ്ഥാപിക്കുന്നതിനു നടപടി

16. [1409] ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും മുനിസിപ്പാലിറ്റിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് വാളയാറിൽ ടെക്സ്റ്റയിൽ നഗരം സ്ഥാപിക്കുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ; ഈ ടെക്സ്റ്റയിൽ നഗരം എത്ര ഹെക്ടർ സ്ഥലത്താണ് സ്ഥാപിച്ചിരിക്കുന്നത് ;

(ബി) ഇതിന് കണക്കാക്കിയിട്ടുള്ള മൊത്തം ചെലവ് എത്രയാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ടെക്സ്റ്റയിൽ നഗരം സ്ഥാപിക്കുന്നതിനുള്ള സ്ഥലമെടുപ്പ് നടന്നു വരുന്നു. ഇത് 406 ഏക്കർ സ്ഥലത്താണ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്.

(ബി) ഇതിനു വേണ്ടിവരുന്ന മൊത്തം ചെലവ് ഇതുവരെ കണക്കാക്കിയിട്ടില്ല.

പാലക്കാട് കഞ്ചിക്കോട്ടിലെ വ്യവസായശാലകൾ

17. [1410] ശ്രീ. സി.എം. സുന്ദരം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും മുനിസിപ്പാലിറ്റിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് കഞ്ചിക്കോട്ടിൽ എത്ര വ്യവസായശാലകളാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ; ഓരോ ഫാക്ടറിയിലും എത്ര ജീവനക്കാർ ജോലിചെയ്യുന്നു ;

(ബി) ഇവരുടെ സേവനവേതന വ്യവസ്ഥകൾ എന്തെല്ലാം ;

(സി) ഈ ഫാക്ടറികളിൽ ഓരോന്നിലുമായി എത്ര പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർ, ആദിവാസികൾ വീതം സ്ഥിരം, അസ്ഥിരം ട്രെയിനികൾ എന്നീ വിഭാഗങ്ങളിൽ പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാക്കാമോ ;

(ഡി) സംവരണ വ്യവസ്ഥ പ്രകാരം ഓരോ ഫാക്ടറിയിലും എത്ര പേരെ നിയമിക്കാൻ അനുവദിക്കുന്നുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ); (ബി), (സി) ആൻറ് (ഡി) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly